# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതിയതായി അനുവദിച്ച ഗവൺമെന്റ് കോളേജ് പ്രവർത്തനത്തിനായി സ്പെഷ്യൽ ഓഫീസറായി ഡോ.കെ.ജയകുമാറിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ്**

---

**ഉത്തരവ് നം.എ1/11247/2017/കോ.വി.വ/കെ.ഡിസ് തിരുവനന്തപുരം, തീയതി : 28.03.2017**

---

പരാമർശം :- എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ ഉപമേധാവിയുടെ റിപ്പോർട്ടിന്റെ പകർപ്പ് 20.03.2017-ലെ പി1/6586/2014/കോ.വി.വ നമ്പർ കത്തു മുഖേന ലഭ്യമായത്

## ഉത്തരവ്

എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതിയതായി അനുവദിച്ച ഗവൺമെന്റ് കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, എറണാകുളം മഹാരാജാസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ.കെ.ജയകുമാറിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കണമെന്ന് പരാമർശ പ്രകാരം ലഭ്യമായ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നു.

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ എറണാകുളം മഹാരാജാസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.കെ.ജയകുമാറിനെ വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതിയതായി അനുവദിച്ച ഗവൺമെന്റ് കോളേജിന്റെ സാമ്പത്തിക അധികാരത്തോടെയുള്ള സ്പെഷ്യൽ ഓഫീസറായി സർക്കാർ സാധൂകരണത്തിന് വിധേയമായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഒപ്പ്/-
എം.എസ്.ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1. ഡോ.കെ.ജയകുമാർ, കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ, മഹാരാജാസ് കോളേജ്, എറണാകുളം (പ്രിൻസിപ്പാൾ മുഖേന)
2. പ്രിൻസിപ്പാൾ, മഹാരാജാസ് കോളേജ്, എറണാകുളം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം
4. പ്ലാനിംഗ് സെക്ഷൻ
5. നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/29.03.2017

0377517

GOVERNMENT OF KERALA